നം. എച്ച്.എം.സി-396/2022/സി.എച്ച്.സി.കെ തീയതി 19/04/2022

## പുനഃക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം കന്യാകുളങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആർ.ബി.എസ്.വൈ സ്കീം പ്രകാരം അഡ്മിറ്റാകുന്ന രോഗികൾക്ക് ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് **താത്പര്യമുളള** സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും മത്സര സ്വഭാവത്തിലുളള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ.**

1. ക്വട്ടേഷനുകളിൽ മരുന്നുകളുടെ എം.ആർ.പി തുകയിൽ നിന്നും എത്രയും ശതമാനം കുറച്ച് നൽകാൻ കഴിയും എന്ന നിരക്കാണ് വാഗ്ദാനം ചെയ്യേണ്ടത്.
2. വാഗ്ദാനം ചെയ്യുന്ന നിരക്ക് 2022-2023 സാമ്പത്തിക വർഷം മാറ്റം വരുത്താൻ പാടില്ലാത്തതാണ്
3. വാങ്ങുന്ന മെഡിസിനുകളുടെ ബില്ലുകളോടൊപ്പം ഡോക്ടറുടെ കുറുപ്പടി ഉൾപ്പെടെ ഉളളടക്കം ചെയ്ത് സ്റ്റേറ്റ്മെന്റാക്കി എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി പേയ്മെന്റിനായി സമർപ്പിക്കേണ്ടതാണ്.
4. മരുന്നുകൾ വിതരണം/ ബില്ലുകൾ തയ്യാറാക്കൽ എന്നിവകളിൽ വീഴ്ചകൾ കണ്ടെത്തിയാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ കരാർ റദ്ദ് ചെയ്യുന്നതാണ്.

ക്വട്ടേഷനുകൾ 25/04/2022-ാം തീയതി ഉച്ചക്ക് 02 മണിവരെ കന്യാകുളങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 03 മണിക്ക് തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടിയ ഡിസ്കൗണ്ട് നിരക്ക് വാഗ്ദാനം ചെയ്യുന്ന സ്ഥാപനം/ വ്യക്തി യുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ പൂർണ്ണമായോ ഭാഗീകമായോ റദ്ദ് ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും.

സാമൂഹികാരോഗ്യ കേന്ദ്രം, കന്യാകുളങ്ങര ★ തിരുവനന്തപുരം 695615 ★

മെഡിക്കൽ ഓഫീസർ ഇൻ ചാർജ്

മെഡിക്കൽ ഓഫീസർ ഇൻചാർജ്
സാമൂഹികാരോഗ്യ കേന്ദ്രം
കന്യാകുളങ്ങര-695615

പകർപ്പ്:- ജില്ലാ മെഡിക്കൽ ഓഫീസ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
നോട്ടീസ് ബോർഡ്, കന്യാകുളങ്ങര
നോട്ടീസ് ബോർഡ്, ബ്ലോക്ക് പഞ്ചായത്ത് വാമനപുരം
നോട്ടീസ് ബോർഡ, ഗ്രാമ പഞ്ചായത്ത് വെമ്പായം
നോട്ടീസ് ബോർഡ്, ഗ്രാമ പഞ്ചായത്ത് മാണിക്കൽ